**A** **505**

# സമഗ്ര ശിക്ഷാ, കേരളം

## അർധവാർഷിക മൂല്യനിർണയം 2019–20

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 5 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെ എ, ബി എന്നിങ്ങനെ നൽകിയിട്ടുള്ള എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം 1**

■ **സ്വയം കറങ്ങുന്നതോടൊപ്പം സൂര്യനെ വലം വയ്ക്കുകയും ചെയ്യുന്ന ആകാശഗോളങ്ങളാണ് ഗ്രഹങ്ങൾ.**

(എ) ചില ഗ്രഹങ്ങളുടെ സവിശേഷതകളാണ് ചുവടെ നൽകിയിരിക്കുന്നത്. ഗ്രഹം ഏതെന്ന് കണ്ടെത്തി സവിശേഷതകളെ പട്ടികപ്പെടുത്തു.

- ഏറ്റവും വലിയ ഗ്രഹം
- വലയങ്ങളുള്ള ഗ്രഹം
- ഏറ്റവും തിളക്കമുള്ള ഗ്രഹം
- ഉപഗ്രഹങ്ങളില്ലാത്ത ഗ്രഹം
- നഗ്നനേത്രങ്ങൾ കൊണ്ടു കാണാവുന്ന ഏറ്റവും അകലെയുള്ള ഗ്രഹം
- 12 വർഷം കൊണ്ട് സൂര്യനെ വലം വയ്ക്കുന്ന ഗ്രഹം

| ഗ്രഹം | .................... | .................... | .................... |
|---|---|---|---|
| സവിശേഷതകൾ | ♦.................<br>♦................. | ♦.................<br>♦................. | ♦.................<br>♦................. |

(ബി) നക്ഷത്രങ്ങൾ ഗ്രഹങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**പ്രവർത്തനം 2**

■ **ജനങ്ങളിൽ ഐക്യവും സഹിഷ്ണുതയും വളർത്തി രാജ്യത്ത് സമാധാനം നിലനിർത്തുക എന്ന ലക്ഷ്യത്തോടെ അശോകൻ സ്വീകരിച്ചനയമാണ് 'ധമ്മം' (ധർമ്മം).**

(എ) ധമ്മം (ധർമ്മം) എന്ന നയത്തിന്റെ ആശയങ്ങൾ എന്തെല്ലാം ? (ഏതെങ്കിലും നാലെണ്ണം)

(ബി) ഏതു മതമാണ് ധമ്മം (ധർമ്മം) പ്രചരിപ്പിക്കാൻ അശോകനെ പ്രേരിപ്പിച്ചത് ?

## പ്രവർത്തനം 3

■ ഗംഗാനദിയുടെ ചുറ്റുമുള്ള പ്രദേശമാണ് ഗംഗാസമതലം

എ) ഗംഗാസമതലത്തിലൂടെ ഒരു യാത്ര ചെയ്യുകയാണെങ്കിൽ സഞ്ചരിക്കാനിടയുള്ള സംസ്ഥാനങ്ങൾ ഏതെല്ലാം?

ബി) പ്രാചീനകാലം മുതൽ ഗംഗാസമതലം ജനവാസകേന്ദ്രമാണ്. കൃഷിക്കനുയോജ്യമായ സാഹചര്യങ്ങളാണ് ഇതിനിടയാക്കിയ ഒരു വസ്തുത. എന്തെല്ലാമാണ് ഇവിടത്തെകൃഷിക്കനുയോജ്യമായ സാഹചര്യങ്ങൾ?

## പ്രവർത്തനം 4

■ സൗരയൂഥത്തിലെ അംഗമായ ഗ്രഹങ്ങളെക്കുറിച്ച് പഠിച്ചുവല്ലോ, നാം വസിക്കുന്ന ഭൂമിയും ഒരു ഗ്രഹമാണ്.

എ) ഒരു ആകാശഗോളത്തെ ഗ്രഹമായി പരിഗണിക്കുന്നതിന് അന്താരാഷ്ട്ര ജ്യോതിശാസ്ത്ര യൂണിയൻ (ഐ.എ.യു) അംഗീകരിച്ചിട്ടുള്ള ഗ്രഹനിയമങ്ങൾ ഏതെല്ലാം?

ബി) ഗ്രഹനിയമങ്ങൾ പാലിക്കാത്ത ആകാശഗോളങ്ങൾ ഏതു പേരിലറിയപ്പെടുന്നു?

സി) ഭൂമിയോട് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന നക്ഷത്രമേതാണ്?

## പ്രവർത്തനം 5

■ ഭൂമിയുടെ ഉപരിതലത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും ജലമാണ്.

എ) അറ്റ്ലാന്റിക് സമുദ്രവുമായി അതിർത്തി പങ്കിടുന്ന വൻകരകൾ ഏതെല്ലാം?

ബി) സമുദ്രങ്ങൾ മനുഷ്യർക്ക് പ്രത്യക്ഷമായും പരോക്ഷമായും പ്രയോജനപ്രദമാണ്. സമുദ്രങ്ങൾക്കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം? (കുറഞ്ഞത് മൂന്നെണ്ണമെങ്കിലും)

## പ്രവർത്തനം 6

■ പ്രാചീനതമിഴകം അഞ്ചു ഭൂവിഭാഗങ്ങളായി അറിയപ്പെട്ടിരുന്നു. ഇവ 'തിണ'കൾ എന്നു വിളിക്കപ്പെട്ടു.

എ) കേരളത്തിലെ പാലക്കാട് ജില്ലക്ക് ആ പേര് ലഭിച്ചത് ഏത് 'തിണ'യുമായി ബന്ധപ്പെട്ടാണ്?

ബി) കുറിഞ്ചി പ്രദേശങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്ന വിളയേത്?

സി) സംഘകാല കൃതികളിൽ നിന്നാണ് 'തിണ'കളെ കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടുള്ളത്. 'തിണ'കളെക്കുറിച്ച് സംഘകാലകൃതികളിൽ നിന്ന് എന്തെല്ലാം വിവരങ്ങളാണ് ലഭിച്ചിട്ടുള്ളത്? (കുറഞ്ഞത് മൂന്നെണ്ണമെങ്കിലും)

## പ്രവർത്തനം 7

■ സൗരയൂഥത്തിൽ ജീവൻ നിലനിൽക്കുന്ന ഏകഗ്രഹമാണ് ഭൂമി.

എ) ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതിന് അനുകൂലമായ ഘടകങ്ങൾ ഏവ?

ബി) ബഹിരാകാശത്ത് നിന്ന് നോക്കുമ്പോൾ ഭൂമി ഏത് നിറത്തിൽ കാണപ്പെടുന്നു? അതിനുള്ളകാരണമെന്ത് ?

## പ്രവർത്തനം 8

■ വിശാലമായ സമുദ്രങ്ങൾക്കിടയിൽ കാണപ്പെടുന്ന കരഭാഗങ്ങളാണ് വൻകരകൾ. തന്നിട്ടുള്ള രൂപരേഖയിൽ താഴെകൊടുത്ത സൂചനകളുടെ അടിസ്ഥാനത്തിൽ വൻകരകളെ അടയാളപ്പെടുത്തുക?

എ) എവറസ്റ്റ് കൊടുമുടി സ്ഥിതിചെയ്യുന്ന വൻകര

ബി) ഏറ്റവും കൂടുതൽ മരുഭൂമികളുള്ള വൻകര

സി) എസ്കിമോകൾ വസിക്കുന്ന വൻകര

ഡി) കങ്കാരുകൾ കാണപ്പെടുന്ന വൻകര

ഇ) സ്ഥിരമായി മനുഷ്യവാസമില്ലാത്ത വൻകര

## പ്രവർത്തനം 8




(നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ലോകരൂപ രേഖയിൽ വൻകരകൾ അടയാളപ്പെടുത്തിയതിന് ശേഷം ഉത്തരക്കടലാസിനോടൊപ്പം തിരികെ നൽകുക.)